'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ നിന്നും കൊല്ലം കോർപ്പറേഷനിലെ 4 പദ്ധതികൾ ഒഴിവാക്കുന്നതിനും തുക (1.48 കോടി രൂപ) കോർപ്പറേഷനിലെ വാട്ടർ സപ്ലൈ സെക്ടറിലെ ട്രാൻസ്ഫോർമർ പവർ ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിന് വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.913/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/04/2019

പരാമർശം:- 1 സ.ഉ.(സാധാ) 516/2018/ത.സ്വ.ഭ.വ. തീയതി 22/02/2018

2 അമൃത് മിഷൻ ഡയറക്ടറുടെ 20/03/2019 ലെ AK3/14/AMRUT/2015 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം(1) ഉത്തരവ് പ്രകാരം AMRUT പദ്ധതിയിലെ "Parks & Open Spaces" സെക്ടറിൽ ഉൾപ്പെടുത്തി കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ താഴെപ്പറയുന്ന 4 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു.

| | |
|---|---|
| തിരുമുല്ലവാകം-ഒഴുക്കുതോട് പാർക്ക് | 0.576 കോടി രൂപ |
| കിളിക്കൊല്ലൂർ- ഇലവന്തി പാർക്ക് | 0.178 കോടി രൂപ |
| താന്നി പാർക്ക് | 0.17 കോടി രൂപ |
| തോപ്പിൽ കടവ് പാർക്ക് | 0.556 കോടി രൂപ |
| ആകെ | **1.48** കോടി രൂപ |

2. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്ഥലം വിട്ടുകിട്ടാത്തതിനാലും CRZ മേഖല ആയതിനാലും പദ്ധതികൾ നടപ്പാക്കുന്നതിന് സാധിക്കുകയില്ലെന്ന് കൊല്ലം കോർപ്പറേഷൻ മേയർ, അമൃത് മിഷൻ ഡയറക്ടറെ അറിയിച്ചിട്ടുള്ളതിനാൽ ടി വിഷയം 27/02/2019 ൽ കൂടിയ AMRUT പദ്ധതിയുടെ സംസ്ഥാനതല ഉന്നതാധികാര സമിതി (SHPSC) പരിശോധിക്കുകയും പ്രസ്തുത

പദ്ധതികൾക്ക് നൽകിയ ഭരണാനുമതി (1.48 കോടി രൂപ) റദ്ദ് ചെയ്യുന്നതിനും ടി തുക മുൻഗണന സെക്ടർ ആയ Water Supply & Sewerage മേഖലയിലെ പ്രോജക്ടുകൾക്ക് വിനിയോഗിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തു. അതിനാൽ ടി പദ്ധതികൾക്ക് നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് ടി തുക വാട്ടർ സപ്ലൈ സെക്ടറിലെ ട്രാൻസ്ഫോർമർ പവർ ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിന് അനുവദിക്കണമെന്ന് അമൃത് മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം(1) ഉത്തരവ് പ്രകാരം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ നിന്നും കൊല്ലം കോർപ്പറേഷനിലെ പ്രസ്തുത 4 പദ്ധതികൾ ഒഴിവാക്കിയും ടി തുക (1.48 കോടി രൂപ) കോർപ്പറേഷനിലെ വാട്ടർ സപ്ലൈ സെക്ടറിലെ ട്രാൻസ്ഫോർമർ പവർ ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിന് വിനിയോഗിക്കുന്നതിനും അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം(1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, AMRUT, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം കേർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ.ബി.എ&എ/എ&ഇ)കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.04.30 12:11:14 IST
Reason: Approved
സെക്ഷൻ ഓഫീസർ